**പതിനാലാം കേരള നിയമസഭ**
**പത്തൊമ്പതാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.215 — 02.03.2020 ൽ മറുപടിക്ക്

## ആർദ്രം പദ്ധതികൾ

| ചോദ്യം<br>ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ | | ഉത്തരം<br>കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പമന്ത്രി) | |
|---|---|---|---|
| (എ) | ഒരു കുടുംബത്തിലെ എല്ലാപേർക്കും സമഗ്ര പ്രാഥമിക ആരോഗ്യ പരിചരണം ലഭ്യമാക്കുന്നതിന് ആർദ്രം മിഷന്റെ ഭാഗമായി നടപ്പിലാക്കുന്ന പദ്ധതികൾ വിശദമാക്കുമോ; | (എ)<br>&<br>(സി) | സമഗ്ര ആരോഗ്യ പരിചരണം ലഭ്യമാക്കാനായി ആർദ്രം മിഷന്റെ ഭാഗമായി സംസ്ഥാനത്തെ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ ഘട്ടംഘട്ടമായി കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തുന്ന പ്രവർത്തനങ്ങളാണ് നടന്നു വരുന്നത്. ഈ കേന്ദ്രങ്ങളിൽ ആരോഗ്യ വർദ്ധക പ്രവർത്തനങ്ങൾ രോഗപ്രതിരോധം, പ്രാഥമിക ചികിത്സ, റീഹാബിലിറ്റേറ്റീവ്, പാലിയേറ്റീവ് പരിചരണമാണ് സമഗ്ര പ്രാഥമിക ആരോഗ്യ പരിചരണത്തിന്റെ ഭാഗമായി ലഭ്യമാക്കി വരുന്നത്. സ്ഥാപനങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിച്ച് രോഗീസൗഹൃദവും ജനസൗഹൃദവുമാക്കുന്നു. ഇതിന്റെ ഭാഗമായി മെച്ചപ്പെട്ട രജിസ്ട്രേഷൻ കൗണ്ടറുകൾ, ടോക്കൺ സംവിധാനം, സൗകര്യങ്ങൾ ഉള്ള കാത്തിരിപ്പ് മുറികൾ, നല്ല ഇരിപ്പിടങ്ങൾ, ആരോഗ്യ ബോധവത്ക്കരണത്തിനുള്ള ഡിസ്പ്ലേ ബോർഡുകൾ, പബ്ലിക് അഡ്രസ്സിംഗ് സിസ്റ്റം, മുലയൂട്ടൽ മുറി, സ്ത്രീ സൗഹൃദവും ഭിന്നശേഷി സൗഹൃദവുമായ ടോയ്‌ലറ്റുകൾ തുടങ്ങിയവ സജ്ജീകരിക്കുന്നു. ഈ കേന്ദ്രങ്ങളിൽ നഴ്സുമാർ വഴിയുള്ള പ്രീ ചെക്ക് അപ്പ്, ജീവിതശൈലീ രോഗ നിയന്ത്രണ ക്ലിനിക്കുകൾ (NCD), ആസ്ത്മ - ശ്വാസം മുട്ടൽ രോഗങ്ങൾക്കുള്ള ശ്വാസ് ക്ലിനിക്കുകൾ, മാനസികാരോഗ്യ പരിചരണത്തിനായുള്ള ആശ്വാസ് ക്ലിനിക്ക് തുടങ്ങിയവ സജ്ജീകരിച്ചിട്ടുണ്ട്.<br><br>ആരോഗ്യ വകുപ്പിന് കീഴിലുള്ള പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റുന്നതുമായി ബന്ധപ്പെട്ട് പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ ലബോറട്ടറി സൗകര്യം ഏർപ്പെടുത്തുന്നതിനായി 2017-18 ൽ 23 കോടി രൂപയും ലബോറട്ടറികളുടെ സൗകര്യം മെച്ചപ്പെടുത്തുന്നതിനായി 7 കോടി രൂപയും 2018- |
| (സി) | കുടുംബാരോഗ്യ കേന്ദ്രങ്ങളിലെ സേവന മേഖല വിപുലപ്പെടുത്തുന്നതിന്റെ ഭാഗമായി ഇതിനകം നടപ്പിലാക്കിയ കാര്യങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ; | | |

| | | | |
|---|---|---|---|
| | | | 19 ൽ പി.എച്ച്.സി.കളെ എഫ്.എച്ച്.സി.കളാക്കി മാറ്റുന്നതിന് 28.55 കോടി രൂപയും ലാബുകളുടെ നവീകരണത്തിനായി 8 കോടി രൂപയും 2019-20 വർഷത്തിൽ പി.എച്ച്.സി.കളെ എഫ്.എച്ച്.സി.കൾ ആക്കുന്നതിന് 28.55 കോടി രൂപയും ലാബുകളുടെ നവീകരണത്തിന് 8 കോടി രൂപയും 2020-21 വർഷത്തിൽ പി.എച്ച്.സി.കളെ എഫ്.എച്ച്.സി.കൾ ആക്കുന്നതിന് 28 കോടി രൂപയും ലാബുകളുടെ നവീകരണത്തിനായി 7.5 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്. ലാബുകളുടെ നവീകരണത്തിനായുള്ള ഉപകരണങ്ങൾ കെ.എം.എസ്.സി.എൽ. മുഖേനയും പി.എച്ച്.സി.കളുടെ നവീകരണ നിർമ്മാണ പ്രവൃത്തികൾ എൻ.എച്ച്.എം. മുഖേനയും നടന്നു വരുന്നു. |
| (ബി) | പ്രസ്തുത മിഷന്റെ ഭാഗമായി രണ്ടാം ഘട്ടത്തിൽ തെരഞ്ഞെടുത്ത പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളെ കടംബാരോഗ്യ കേന്ദ്രങ്ങളാക്കുന്ന നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കുവാൻ സാധിക്കാത്ത സാഹചര്യം ഉണ്ടായിട്ടുണ്ടോ; എങ്കിൽ അതിനുള്ള കാരണമെന്താണെന്ന് അറിയിക്കാമോ; | (ബി) | ആർദ്രം മിഷന്റെ രണ്ടാം ഘട്ടത്തിൽ തെരഞ്ഞെടുത്ത പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കുന്ന നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുവാൻ സാധിക്കാത്ത സാഹചര്യം ഉണ്ടായിട്ടില്ല. രണ്ടാം ഘട്ടത്തിൽ 107 കേന്ദ്രങ്ങളുടെ പണി പൂർത്തീകരിച്ചിട്ടുണ്ട്. മറ്റ് 200 കേന്ദ്രങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾ പല ഘട്ടങ്ങളിലായി നടന്നു വരുന്നു. കെട്ടിട സൗകര്യങ്ങളുടെ കുറവ് മൂലം പ്രധാന നിർമ്മാണ പ്രവർത്തനങ്ങൾ ആവശ്യമുള്ളതും, നടന്നു വരുന്നതുമായ 33 കേന്ദ്രങ്ങൾ ഒഴികെ മറ്റ് ഇടങ്ങളിൽ DPR തയ്യാറാക്കലും, ബാക്കി പ്രവർത്തനങ്ങളും നടന്നു വരുന്നു. 409 കേന്ദ്രങ്ങൾക്ക് ഇതിനകം ഭരണാനുമതി നൽകിയിട്ടുണ്ട്. ഭരണാനുമതി ലഭിക്കാൻ ഉള്ളവയ്ക്ക് അത് ലഭ്യമാക്കുവാൻ വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ഡി) | ആരോഗ്യമേഖലയിലെ സേവനങ്ങൾ കാര്യക്ഷമമാക്കുന്നതിനും ആധുനിക ഉപകരണങ്ങൾ ലഭ്യമാക്കുന്നതിനും സർക്കാരിന്റെ നിലവിലുള്ള സാമ്പത്തിക സ്ഥിതി തടസ്സമാകുന്നുണ്ടോ; വിശദമാക്കുമോ? | (ഡി) | ആർദ്രം മിഷന്റെ ഭാഗമായും മറ്റ് വിവിധ സ്കീം വഴിയും ആരോഗ്യ മേഖലയിലെ സേവനങ്ങൾ കാര്യക്ഷമമാക്കുന്നതിനും ആധുനിക ഉപകരണങ്ങൾ കെ.എം.എസ്.സി.എൽ. മുഖേന ലഭ്യമാക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾ തടസ്സമില്ലാതെ നടന്നു വരുന്നു. |

Hari

സെക്ഷൻ ഓഫീസർ